**കേരള സർക്കാർ**

നം.95/ഡി സി.1/2021/ തസ്വഭവ

തദ്ദേശ സ്വയം ഭരണ (ഡി.സി.) വകുപ്പ്
തിരുവനന്തപുരം, തീയതി 25.01.2022

**<u>സർക്കുലർ</u>**

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - കോവിഡ് 19 ന്റെ വ്യാപനം - തദ്ദേശ സ്വയംഭരണ വകുപ്പിലെ വാർ റൂം വീണ്ടും പ്രവർത്തനക്ഷമമാക്കിക്കൊണ്ട് നിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന : 1) 29.04.2021 -ലെ സ.ഉ (സാധാ)932/2021/തസ്വഭവ ഉത്തരവ്.
2) 04.05.2021 -ലെ സ.ഉ (സാധാ)947/2021/തസ്വഭവ ഉത്തരവ്.
3) 02.05.2021 -ലെ സ.ഉ (സാധാ)939/2021/തസ്വഭവ ഉത്തരവ്.

സംസ്ഥാനത്ത് കോവിഡ് 19 ന്റെ അതിരൂക്ഷമായ വ്യാപനം കണക്കിലെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കോവിഡ് പ്രതിരോധത്തിനെ സഹായിക്കുന്നതിനായി നോഡൽ ഓഫീസർമാരെ നിയമിക്കുന്നതിനും സംസ്ഥാന തലത്തിൽ തദ്ദേശ സ്വയംഭരണ വാർ റൂം രൂപീകരിച്ചുകൊണ്ടും കോവിഡ് രണ്ടാം തരംഗ സമയത്ത് സൂചന പ്രകാരം സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു.

ഇപ്പോൾ മൂന്നാം തരംഗമായി സംസ്ഥാനത്ത് കോവിഡും ഒമിക്രോണും വ്യാപിക്കുന്നതിന്റെ ഫലമായി ടിപിആർ നിരക്ക് ഉയർന്ന നിലയിലായ സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിലെ വാർ റൂം വീണ്ടും പ്രവർത്തനക്ഷമമാക്കേണ്ടതിന്റെ ആവശ്യകത ഉള്ളതായി കാണുന്നു. അതേസമയം, തദ്ദേശ സ്ഥാപനങ്ങളുടെ കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനം തടസ്സപ്പെടുന്നില്ല എന്നും ഓക്സിജൻ ബഡ്ഡുകൾ ഉൾപ്പെടെയുള്ള സകര്യങ്ങൾ ഉണ്ട് എന്നും അവശ്യ സാധനങ്ങളുടെ ലഭ്യത ഉണ്ടെന്നും ഉറപ്പുവരുത്തേണ്ടതുണ്ട്. കൂടാതെ, ഹോം ഐസൊലേഷനിൽ തുടരുന്നവർക്കുള്ള നിർദ്ദേശങ്ങൾ നൽകുക, ഡി.സി.സി.കളുടെ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുക, ടെലിമെഡിസിൻ സംവിധാനം, ആംബുലൻസുകളുടെ ലഭ്യത എന്നിവ ഉറപ്പുവരുത്തുക എന്നീ കാര്യങ്ങളും അടിയന്തരമായി നടത്തേണ്ടതുണ്ട്. ആയതിനാൽ പരാമർശിത സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരം തദ്ദേശ സ്ഥാപന തലത്തിൽ വാർ റൂം പുനരുജ്ജീവിപ്പിച്ച് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇപ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് അവശ്യ ഘട്ടങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് താത്കാലികമായി ആവശ്യത്തിനുള്ള ആളുകളെ നിയോഗിക്കാവുന്നതും അതിന് ആവശ്യമായ ചെലവ് തനത്/പദ്ധതി ഫണ്ടിൽ നിന്നും കണ്ടെത്താവുന്നതുമാണ്. ഒരു മാസത്തിനു ശേഷം കോവിഡ് സ്ഥിതി വിലയിരുത്തി ഇപ്രകാരം നിയോഗിക്കുന്ന ആളുകൾ തുടരുന്നത് സംബന്ധിച്ച് തീരുമാനം എടുക്കുന്നതാണ്.

**ശാരദ മുരളീധരൻ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ആരോഗ്യ വകുപ്പ് ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
എല്ലാ ജില്ലാകളക്ടർമാർക്കും (ശുചിത്വ മിഷൻ മുഖേന )
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/G&SSA/E& RSA) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

Harikumar

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി എ യ്ക്ക്